## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2385      23-01-2014 ലെ മറുപടിയ്ക്ക്

### കേരള സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിതരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. തോമസ് ചാണ്ടി :<br>ശ്രീ.എ.കെ.ശശീന്ദ്രൻ : | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) | കേരള സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിതരണത്തിൽ ചെറുകിട ഏജന്റുമാർക്ക് വേണ്ടത്ര ടിക്കറ്റുകൾ ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | പ്രസ്തുത ഭാഗ്യക്കുറി ടിക്കറ്റ് വില്പനയിലുള്ള വർദ്ധനവ് കണക്കിലെടുത്ത് താലൂക്കു തലത്തിൽ ഓഫീസുകളും കൂടുതൽ ജീവനക്കാരെയും നിയമിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കാമോ; | ബി) | പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. എന്നിരുന്നാലും ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പനയിലുള്ള വർദ്ധനവ് കണക്കിലെടുത്ത് ആവശ്യമെങ്കിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. നിലവിൽ മൂന്ന് താലൂക്ക് തല ആഫീസുകൾ അനുവദിച്ചിട്ടുണ്ട്. കൂടുതൽ താലൂക്ക് തല ആഫീസുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലാണ്. |
| സി) | കേരള സംസ്ഥാന ഭാഗ്യക്കുറിയിൽ നിലവിലുള്ള സമ്മാനഘടനയിൽ മാറ്റം വരുത്തി കൂടുതൽ ആകർഷകമാക്കാൻ വേണ്ട നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ? | സി) | നിലവിൽ 20/- രൂപ മുഖവിലയുള്ള ഭാഗ്യക്കുറികളായ പൗർണമി, വിൻവിൻ, അക്ഷയ, ഭാഗ്യനിധി എന്നിവ 5 പരമ്പരകളിലായി ആകെ 45 ലക്ഷം ടിക്കറ്റുകൾ വീതമാണ് അച്ചടിക്കുന്നത്. പ്രസ്തുത ഭാഗ്യക്കുറികളുടെ മുഖവില 30/- രൂപയായി |

ഉയർത്തി 7 പരമ്പരകളിലായി കൂടുതൽ ടിക്കറ്റുകൾ അച്ചടിക്ക ത്തക്കവിധം സമ്മാനഘടന പരിഷ്ക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, പതിനായിരം രൂപയുടെ സമ്മാനം പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മാർച്ച് മുതൽ നറുക്കെടുക്കുന്ന ഭാഗ്യക്കുറികളുടെ ടിക്കറ്റച്ചടി വർദ്ധിപ്പിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ